# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 3286

14-10-2011-ൽ മറുപടിക്ക്

## അപകടത്തിൽപ്പെടുന്ന വൈദ്യുത തൊഴിലാളികൾക്ക് സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി വകുപ്പിൽ ജോലി ചെയ്യുന്നതിനിടെ മരണപ്പെടുന്ന ലൈൻമാൻ, മറ്റ് വിഭാഗം തൊഴിലാളികൾ എന്നിവരുടെ കുടുംബത്തെ സഹായിക്കാൻ എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദമാക്കാമോ; | (എ) വൈദ്യതി വകപ്പിൽ ജോലി ചെയ്യുന്നതിനിടെ മരണപ്പെടുന്ന ജീവനക്കാരുടെ കുടുംബത്തിന് Workmen's Compensation Act, 1923 പ്രകാരം നഷ്ടപരിഹാരം നൽകിവരാറുണ്ട്. വൈദ്യുതി ബോർഡിൽ ജോലി ചെയ്യുന്നതിനിടെ അപകടമരണം സംഭവിക്കുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് താഴെപ്പറയുന്ന സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.<br>1. ബോർഡ് ജീവനക്കാർ<br>1. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480 രൂപമുതൽ 9,14,160 രൂപവരെ ലഭിക്കുന്നതിന് അർഹതയുണ്ട്.<br>2. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും 5 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്.<br>3. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 8 ലക്ഷം രൂപ ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിക്കുവാൻ അർഹതയുണ്ട്. |

4. ശവസംസ്കാരചെലവിനായി 5000 രൂപയ്ക്ക് അർഹതയുണ്ട്.
5. 2011 ലെ ദീർഘകാല കരാർ പ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിന് അർഹതയുണ്ട്.
6. അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.

2. <u>കരാർ തൊഴിലാളികൾ</u>

മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന കരാർ തൊഴിലാളികൾക്ക് 1923 ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് താഴെപ്പറയുന്ന സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

1. മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480 രൂപ മുതൽ 9,14,160 രൂപ വരെ ലഭിക്കുന്നതിന് അർഹതയുണ്ട്.
2. ശവസംസ്കാരചെലവിനായി 5000 രൂപയ്ക്ക് അർഹതയുണ്ട്.

| | | | |
|---|---|---|---|
| (ബി) | കൊയിലാണ്ടി മണ്ഡലത്തിൽ പൂക്കാട് വൈദ്യുതി ഓഫീസിന് കീഴിൽ ജോലി ചെയ്തിരുന്ന നടേരി കിഴക്കയിൽ സുരേഷ് 10.8.2011 ന് മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഇദ്ദേഹത്തിന്റെ കുടുംബത്തെ സഹായിക്കാൻ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ; | (സി) | 1923 ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കുവാനും അനുവദിക്കുന്നതിനും വേണ്ട ആവശ്യമായ രേഖകൾ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും ശേഖരിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് തന്നെ ബോർഡിൽ നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി അർഹത പരിശോധിച്ച് അടിയന്തിരമായി നഷ്ടപരിഹാരം അനുവദിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അനന്തരാവകാശികൾക്ക് തൊഴിൽ നൽകാൻ നടപടിയുണ്ടാവുമോ? | (ഡി) | വൈദ്യുതി ബോർഡിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ബോർഡിലെ സ്ഥിരം ജീവനക്കാരുടെ ആശ്രിതർക്ക മാത്രമേ ആശ്രിത നിയമനത്തിന് അർഹതയുള്ളൂ. ആയതിനാൽ അപകടമരണം സംഭവിച്ച കരാർ തൊഴിലാളിയായ ശ്രീ. സുരേഷിന്റെ ആശ്രിതർക്ക് വൈദ്യുതി ബോർഡിൽ ജോലി ലഭിക്കുന്നതിന് നിലവിലുള്ള നിയമപ്രകാരം അർഹതയില്ല. |

സെക്ഷൻ ഓഫീസർ